**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3591** **14-07-2022 - ൽ മറുപടിയ്ക്ക്**

**ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനം ഉപയോഗപ്പെടുത്തിയിട്ടുള്ള ക്യാമറകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ; | (എ) | മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കുന്ന കേരള പദ്ധതിയിൽ ഉൾപ്പെടുത്തി എഴുനൂറിൽ അധികം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. 675 എ.ഐ ക്യാമറകളും, 18 റെഡ് ലൈറ്റ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകളും, 4 റഡാർ ബേസഡ് സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകളും, 4 മൊബൈൽ സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകളും, 25 പാർക്കിംഗ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകളും സ്ഥാപിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ക്യാമറകൾ സ്ഥാപിക്കുന്നത് വഴി എന്തെല്ലാം ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്താനും തടയാനും കഴിയും എന്ന് വിശദമാക്കാമോ? | (ബി) | അനധികൃത നിയമ ലംഘനങ്ങളായ സ്പീഡ് വയലേഷൻ, പാർക്കിംഗ് വയലേഷൻ, ഓവർ സ്പീഡ്, സീറ്റ് ബെൽറ്റ്, ട്രിപ്പിൾ റൈഡിംഗ്, മൊബൈൽ ഫോൺ ഉപയോഗം, ഹെൽമറ്റ് ഇല്ലാതെയുള്ള യാത്ര, റെഡ് സിഗനൽ വയലേഷൻ തുടങ്ങിയവ അനായാസം അഴിമതിമുക്തവുമായി കണ്ടെത്താനും, യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാതെ പരിശോധന നടത്താനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ